പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3532 | | 21/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|
| **തന്റേടം ജെന്റർ പാർക്ക് പദ്ധതി** | | |
| ചോദ്യം | | ഉത്തരം |
| ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.രാജു എബ്രഹാം | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സ്ത്രീകൾക്ക് നൽകി വരുന്ന സേവനങ്ങൾ ഫലപ്രദവും ക്ഷേമകരവുമായി നടപ്പാക്കാൻ തയ്യാറാകുമോ; | (എ) സാമൂഹ്യനീതി വകുപ്പ് സ്ത്രീകൾക്ക് നൽകിവരുന്ന സേവനങ്ങൾ ഫലപ്രദവും ക്ഷേമകരവുമായി നടപ്പിലാക്കാൻ ശ്രദ്ധിക്കുന്നുണ്ട്. |
| (ബി) | തന്റേടം ജെന്റർ പാർക്ക് പദ്ധതി ഈ രംഗത്ത് ലക്ഷ്യം വെക്കുന്നത് എന്തൊക്കെയാണ്; ഈ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എന്തു തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്; | (ബി) സ്ത്രീകളുടെ സമസ്ത പുരോഗതി ലക്ഷ്യംവച്ചുകൊണ്ട് ആരംഭിക്കാനുദ്ദേശി-ക്കുന്നതാണ് തന്റേടം ജെൻഡർപാർക്ക്. ഇതിനെ സ്ത്രീപഠനങ്ങൾക്കും, പ്രവർത്തനങ്ങൾക്കും, ഗവേഷണസ്ഥാപനങ്ങൾക്കും, സംഘടന-കൾക്കും, വ്യക്തികൾക്കും ഒന്നിച്ചു ചേരുന്ന-തിനുള്ള സവിശേഷ സങ്കേതമാക്കാനാണ് ഉദ്ദേശിക്കുന്നത്. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനും സാമൂഹ്യസുരക്ഷ ഉറപ്പാക്കാനും സഹായ-കരമായ നയപരിപാടികളുടെ അടിസ്ഥാ-നത്തിലാണ് ഈ കൂട്ടായ്മ പ്രവർത്തിക്കുക. സ്ത്രീകൾ മുൻകൈ എടുത്തുകൊണ്ടുള്ള കലാപരവും സാംസ്കാരികവും ബുദ്ധിപര-വുമായ പ്രവർത്തനങ്ങൾ സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക വ്യത്യാസങ്ങൾക്കു-പരിയായി ഒരു പൊതുഇടത്ത് ഏകോപിപ്പിക്കുന്നതാണ് തന്റേടം ജെൻഡർ പാർക്ക്. സ്ത്രീകളുടെ സർഗ്ഗാത്മക ബൗദ്ധികശേഷികൾക്ക് ഒന്നിച്ചുചേരാനുള്ള വ്യത്യസ്തമായ ഒരിടം എന്നതാണ് ഈ പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. ടി പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടില്ല. നടപ്പ് സാമ്പത്തിക വർഷം 6(ആറ്)കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | മുൻ സർക്കാർ നൽകി വന്നിരുന്ന സേവനങ്ങൾക്ക് പുറമേ കൂടുതലായി നൽകാനുദ്ദേശിക്കുന്ന സേവനങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ ? | (സി) തന്റേടം ജെന്റർ പാർക്ക് പദ്ധതിയും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈഗിംക അതിക്രമങ്ങൾ തടയുന്നതിന് വേണ്ടിയുള്ള നിർഭയപദ്ധതിയും മുൻസർക്കാർ നൽകിവന്നിരുന്ന സേവനങ്ങൾക്ക് പുറമെ കൂടുതലായി നൽകുന്ന പദ്ധതികളാണ്. |

സെക്ഷൻ ഓഫീസർ